# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4448 | 25.10.2016 ൽ മറുപടിക്ക്

## കരകൗശല മേഖലയുടെ ഉന്നമനത്തിനായി നൂതന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.എം.മുകേഷ്<br>ശ്രീ.ഒ.ആർ.കേളു<br>ശ്രീമതി.യു.പ്രതിഭ ഹരി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കരകൗശല മേഖലയെ സഹായിക്കുന്നതിനും കരകൗശല തൊഴിലാളികളുടെ ഉന്നമനത്തിനുമായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിയ്ക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) കരകൗശല മേഖലയെ സഹായിക്കുന്നതിനും കരകൗശല തൊഴിലാളികളുടെ ഉന്നമനത്തിനുമായി ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇവർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനും വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും വിവിധമേഖലകളിലുള്ള ഇവരുടെ ഉന്നമനത്തിനായി കരകൗശല വ്യവസായ ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിനും പുറമേ ഇവരുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകുവാനുമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) കരകൗശല യൂണിറ്റുകളുടെ നവീകരണത്തിനും പുതിയ ഡിസൈനുകളുടെ രൂപീകരണത്തിനും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) കരകൗശല മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കരകൗശല വികസന കോർപറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ, കേരള സംസ്ഥാന ബാംബൂകോർപറേഷൻ, കെൽപാം എന്നിവയ്ക്കും അപെക്സ് സഹകരണ സ്ഥാപനമായ സുരഭിക്കും വിവിധ പദ്ധതി നിർദ്ദേശങ്ങൾ പ്രകാരം നവീകരണത്തിനായി സർക്കാർ ധനസഹായം നൽകി വരുന്നു. പുതിയ ഡിസൈനുകളുടെ രൂപീകരണത്തിനും പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും കരകൗശല മേഖലയിലെ സംരംഭകർക്ക് ആവശ്യമായ പരിശീലനം നൽകുകയും പണിയായുധങ്ങൾ നൽകുകയും ചെയ്തുവരുന്നു. സുരഭിയുടെ ആഭിമുഖ്യത്തിൽ ഒരു ക്രാഫ്റ്റ് ഡിസൈൻ സെന്റർ ആരംഭിച്ചിട്ടുണ്ട്. ക്ലസ്റ്റർ വികസന പദ്ധതി പ്രകാരം വിവിധ കരകൗശല തൊഴിലാളി ക്ലസ്റ്ററുകളിൽ പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കരകൗശല മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി അപെക്സ് സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | കരകൗശല മേഖലയിലെ അപെക്സ് സഹകരണ സംഘം സമർപ്പിക്കുന്ന വിവിധ പദ്ധതി നിർദ്ദേശങ്ങൾക്ക് സർക്കാർ ധനസഹായം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ